

ഡോ. മിനിപ്രസാദ്

ഹരികുമാർ കഥകളെപ്പറ്റി രണ്ടു ലേഖനങ്ങൾ

1.
വഴികളിൽ ചിതറിവീണ കുങ്കുമത്തരികൾ

2.
തുമ്പപ്പൂവിലൂടെ പ്രപഞ്ച ദർശനത്തിലേയ്ക്ക്

ഡോ. മിനിപ്രസാദ്

1

# 1. വഴികളിൽ ചിതറിവീണ കുങ്കുമത്തരികൾ

ഡോ. മിനിപ്രസാദ്

ദാമ്പത്യബന്ധത്തിൽ പുരളുന്ന ഒരു കളങ്കം, ഒരനഭ്യഗമനം അതിന് ദൃക്സാക്ഷിയാവുന്ന കുട്ടിയെ എങ്ങനെയാണ് ബാധിക്കുക. ഇത് എന്ത് എന്ന് വിവേചിച്ചറിയാവുന്ന കാലത്തല്ലെങ്കിൽപോലും അതിന് സ്വയം ചമയ്ക്കുന്ന വ്യാഖ്യാനങ്ങളിലൂടെയും കണ്ടെത്തലുകളിലൂടെയും കുട്ടി സ്വയം സമാധാനം കണ്ടെത്തുന്നു. പക്ഷേ ആ കണ്ടെത്തലുകൾക്കവസാനം കുട്ടിയുടെ മനോനില എന്തായിരിക്കും? ഈയൊരു വിഷമാകുലമായ അവസ്ഥയാണ് ഇ. ഹരികുമാറിന്റെ ‘കുങ്കുമം വിതറിയ വഴികളി’ലെ കഥാവസ്തു.

സംഗീത എന്ന ആറുവയസ്സുകാരി പെൺകുട്ടിയാണിവിടെ കഥാപാത്രം. അവൾ സ്കൂളിൽനിന്ന് വരുമ്പോൾ ബസിൽ വെച്ചാണ് അങ്കിളിനെ പരിചയപ്പെടുന്നത്. അവളുടെ പേരും അമ്മയുടെ പേരും പഠിക്കുന്ന ക്ലാസും അറിയാമെന്ന അവകാശവാദവുമായി അവളെ സമീപിക്കുന്ന അങ്കിളിനെ അവൾക്കിഷ്ടമാവുന്നു. അപരിചിതരോട് അധികം അടുക്കേണ്ട എന്നാണ് മമ്മി നൽകുന്ന ഉപദേശമെങ്കിലും സ്വന്തം അദ്ഭുത സിദ്ധികളുടെ വിവരണങ്ങൾ

കൊണ്ട് അങ്കിൾ അവളെ ആകർഷിക്കുന്നു. ഇതിനുമപ്പുറം അങ്കിളിന്റെ ഭംഗിയും അവളുടെ ഇഷ്ടത്തിനൊരു ഘടകമായിരുന്നു. വീട്ടിൽവന്ന് മമ്മിയോട് അങ്കിളിനെപ്പറ്റി വളരെ വിവരിച്ചുപറയുന്നുണ്ടെങ്കിലും ഉച്ചയുറക്കത്തിന്റെ പകുതി അലസഭാവം സംഗീതയെ വല്ലാതെ

മടുപ്പിക്കുന്നു. പക്ഷേ അങ്കിൾ കൊൽക്കത്തയിൽനിന്നാണ് വരുന്നതെന്ന് കേൾക്കുമ്പോൾ തന്റെ പൂർവകാമുകന്റെ സാന്നിധ്യം മമ്മി തിരിച്ചറിയുന്നു. ഏകദേശം അതേ അവസരത്തിൽ തന്നെ മമ്മിക്ക് റോസ്പൂക്കളും അവൾക്ക് ചിക്ക്ലറ്റ്സുമായി അങ്കിൾ എത്തുന്നു. സംഗീതക്ക് അളവറ്റ സന്തോഷമാണ് അങ്കിളിന്റെ വരവ് സമ്മാനിക്കുന്നത്. പക്ഷേ അങ്കിളും മമ്മിയും വലിയ കാര്യങ്ങൾ പറഞ്ഞു തുടങ്ങുന്നതോടെ അവൾക്ക് മടുത്തു പോവുന്നു. മോളൂ പോയി

കളിച്ചോളൂ എന്ന് മമ്മി പറയുമ്പോൾ അതൊരനുഗ്രഹമായിട്ടാണ് സംഗീതക്ക് തോന്നുന്നത്. മുതിർന്നവർ സംസാരിക്കുന്നത് കേട്ടുനിൽക്കാൻ തന്നെ അവൾക്കിഷ്ടമായിരുന്നില്ല. സംഗീത കൂട്ടുകാരിയായ ഡിംബിളിനൊപ്പം കളിക്കാനായി മുകളിലെ ഫ്ളാറ്റിലേക്ക് പോയി. അവൾ ലുഡോവിൽ കള്ളത്തരം കാണിക്കുന്നതിനാൽ അവൾ വളരെ വേഗം അവളോട് പിണങ്ങി വീട്ടിലെത്തുന്നു. പുതുതായി വന്ന അങ്കിളിനോട് സംസാരിക്കാമെന്ന് കരുതുന്നുണ്ടെങ്കിലും കിടപ്പുമുറിയുടെ വാതിൽ അടഞ്ഞു കിടക്കുന്നതായി കാണുന്നതിനാൽ ഡാഡി തലേദിവസം കൊണ്ടുവന്ന കോമിക്പുസ്തകവുമായി ഹാളിലെ കാർപെറ്റിൽ കുറേസമയം പോയിരുന്നെങ്കിലും അവൾക്കൊന്നും മനസ്സിലായില്ല. വീണ്ടും ഡിംബിളിന്റെയൊപ്പം കളിക്കാനായി പോവുന്ന സംഗീത ഡ്രാട്ടുകളിയാണ് സ്വീകരിക്കുന്നതെങ്കിലും അതവളെ വളരെവേഗം മടുപ്പിക്കുന്നു. അവൾ ലുഡോ കളിക്കാമെന്ന് പറയുന്നുണ്ടെങ്കിലും അവൾക്ക് താൽപര്യം തോന്നുന്നില്ല. അവൾ വീണ്ടും കള്ളത്തരം കാണിക്കുമെന്ന് സംഗീതക്കുറപ്പുണ്ടായിരുന്നു. പാമ്പും കോണിയും കളിക്കാൻ ഡിംബിൾ ക്ഷണിക്കുന്നു. പക്ഷേ  കോണികയറി മുകളിൽപ്പോയ തന്റെ കരുക്കൾ പാമ്പുകൾ കൊത്തിവിഴുങ്ങി വീണ്ടും താഴെ കള്ളികളിലെത്തുന്നത് സംഗീതക്ക് ഇഷ്ടമായിരുന്നില്ല. അവൾ തിരികെ വീട്ടിലെത്തുന്നു. അപ്പോഴും കിടപ്പറയുടെ വാതിൽ അടഞ്ഞുകിടക്കുന്നത് അവളെ നിരാശപ്പെടുത്തുകയും കോമിക് പുസ്തകവുമായി കാർപ്പെറ്റിൽ കിടക്കുന്ന കുട്ടി അവിടെ കിടന്ന് ഉറങ്ങുകയും ചെയ്യുന്നു.

ഈ വിവരണത്തിൽ കഥാകൃത്ത് നിസ്സംഗത പാലിക്കുന്നുണ്ടെങ്കിലും കുട്ടി പ്രകടമായും അസ്വസ്ഥയാണ്. അവളുടെ വേഗം വേഗമുള്ള പ്രവൃത്തികളിൽ അതാണ് വെളിപ്പെടുത്തുന്നത്. ഉറക്കത്തിനിടെ അവൾ സമർഥനായ ഒരു മുയൽ ചെന്നായയുടെ കൈയിൽപെടാതെ രക്ഷപ്പെടുന്നതും അങ്കിൾ തന്നെയുമെടുത്ത് കാഴ്ചബംഗ്ലാവിലൂടെ നടക്കുന്നതും സ്വപ്നം കാണുന്നു. അതേ അവസരത്തിൽതന്നെ കിടപ്പുമുറിയുടെ വാതിൽതുറന്ന് വാസുദേവും സുധയും പുറത്തുവരുന്നു. വാസുദേവ് സംഗീതയെ ഉമ്മവെച്ചുണർത്തുന്നു. താൻ സ്വപ്നം കാണുമ്പോൾതന്നെ അങ്കിളിന്റെ പ്രത്യക്ഷപ്പെടൽ അവളെ അദ്ഭുതപ്പെടുത്തുന്നു. അങ്കിളിനെങ്ങനെയാണ് മറ്റുള്ളവരുടെ സ്വപ്നങ്ങളിൽ കടന്നുവരാനാവുക എന്ന ചോദ്യം ഈ അദ്ഭുതത്തിൽ നിന്നുളവായതായിരുന്നു. പിന്നെ അങ്കിളവളെ കോമിക്കിലെ കഥപറഞ്ഞും അഭിനയിപ്പിച്ചും രസിപ്പിക്കുന്നു. വാസുദേവ് ഒരു നല്ല നടനായിരുന്നു. മറ്റുള്ളവരെ രസിപ്പിക്കാനറിയാവുന്ന ഒന്നാന്തരം നടൻ. സുധയോടുള്ള അയാളുടെ പെരുമാറ്റവും വാക്കുകളും അയാളിലെ നാട്യങ്ങൾ വെളിപ്പെടുത്തുന്നുണ്ട്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ സമർഥനായ മുയൽ, തരംനോക്കി സ്പ്രിംഗ് വാതിലിനിടയിലേക്ക് ചാടാൻ കഴിയുന്ന മുയൽ. എട്ടുവർഷം മുമ്പുള്ള തിരോധാനം പോലും ഇത്തരമൊരു രക്ഷപ്പെടലായിരുന്നു. അന്നും ഇന്നും ആ അഭിനയം സുധയെ അയാളുടെ അടിമയാക്കുന്നു.



ഡോ. മിനിപ്രസാദ്

ഹരികുമാർ കഥകളെപ്പറ്റി രണ്ടു ലേഖനങ്ങൾ

1.

## വഴികളിൽ ചിതറിവീണ കുങ്കുമത്തരികൾ

2.

## തുമ്പപ്പൂവിലൂടെ പ്രപഞ്ച ദർശനത്തിലേയ്ക്ക്

ഡോ. മിനിപ്രസാദ്



ഇപ്പോൾ അതേ അഭിനയ പാടവംകൊണ്ട് കുട്ടിയുടെ നിഷ്‌ക്കളങ്കതയും അയാൾ മുതലെടുക്കുന്നു.

വൈകുന്നേരം ഡാഡി വരുമ്പോൾ സംഗീത അങ്കിളിനെപ്പറ്റി വളരെ വിസ്തരിച്ച് പറയുന്നു. മമ്മിയെപ്പോലെ അലസമായിട്ടേയല്ല വളരെ താൽപര്യപൂർവം ഈ വർത്തമാനമൊക്കെ കേൾക്കുന്ന ഡാഡി അങ്കിൾ കൊണ്ടുവന്ന ചിക്ക്‌ലറ്റ്സ് തനിക്കും തരില്ലേ എന്നും റോസ്‌പൂക്കൾ കാണിച്ചുതരില്ലേ എന്നും ചോദിക്കുന്നു. അതെടുക്കാനായി കിടപ്പറയിലേക്കോടുന്ന സംഗീത പെട്ടെന്ന് സംശയാലുവാകുന്നു. അങ്കിൾ റോസ്‌പൂക്കൾ കൊണ്ടുവന്നത് ഡാഡിക്കെങ്ങനെ മനസ്സിലായി? അടഞ്ഞുകിടന്ന ഒരു വാതിൽ അവളുടെ ഓർമയിലെത്തി. അവളുടെ കൊച്ചുമനസ്സിൽ പതഞ്ഞുവരുന്ന സാന്ദ്രത അവൾ അറിഞ്ഞു. ഫ്ളവർവാസിൽ വിരിഞ്ഞുനിന്ന പൂക്കൾ അവളെ ശത്രുതയോടെ നോക്കി. വൈകീട്ട് സ്കൂൾ വിട്ട് കൂട്ടുകാരികളെല്ലാം പോയി ഒറ്റക്ക് ബസ് കാത്തു നിൽക്കുമ്പോൾ ഉണ്ടാകാറുള്ള ഏകാന്തത അവൾക്ക് വീണ്ടും അനുഭവപ്പെട്ടു. വേലിയേറ്റത്തിൽ ഉയർന്നു വരുന്ന ഒരു വലിയ തിരപോലെ തേങ്ങലുകൾ അവളുടെ ഹൃദയത്തിൽ ഉരുണ്ടുകയറി. ഒരു നിമിഷത്തിൽ നിയന്ത്രിക്കാൻ വയ്യാതായപ്പോൾ അവൾ കട്ടിലിൽ തലയിണയിൽ മുഖമമർത്തി തേങ്ങിതേങ്ങി കരഞ്ഞു. ഈ കഥയിൽ ഇത്തരമൊരു പരിണാമ ഗുപ്തി പ്രതീക്ഷിക്കില്ല. പക്ഷേ ഉത്തരം കിട്ടാത്ത ഒരു ചോദ്യത്തിൽനിന്ന് അങ്കിളിന്റെ ചില പ്രസ്താവനകളെയും ബന്ധിപ്പിക്കുമ്പോൾ ഇതൊരു സ്വാഭാവികപരിണതിയാവുന്നു. തനിക്ക് മറ്റുള്ളവരുടെ സ്വപ്നങ്ങളെ തകർക്കാനാവും എന്ന പ്രസ്താവനയായിരുന്നു ഒന്ന്. മുതിർന്നവർ ജീവിതത്തിൽ കള്ളത്തരം കാണിക്കുന്നു എന്ന സ്വയം സമ്മതമായിരുന്നു മറ്റൊന്ന്. മുതിർന്നവർ ജീവിതത്തിൽ കാണിച്ച ഒരു ചെറിയ കള്ളത്തരംകൊണ്ട് ഒരു കുട്ടിയുടെ സ്വപ്നങ്ങൾ എന്നേക്കുമായി തകർന്നു പോവുകയാണ്. താൻ കുറേക്കാലമായി മറന്നുപോയ കാമുകിയുടെ റോളിൽ വാസുദേവിന്റെ കൈകളിൽ താൻ വളരെ സംതൃപ്തയായതായി സുധക്ക് തോന്നുന്നുണ്ട്. ആ സംതൃപ്തി കുട്ടിയെ എങ്ങനെ ബാധിക്കുന്നു എന്നവർ ചിന്തിക്കുന്നതേയില്ല. സംഗീതക്ക് ആറ് വയസ്സുള്ള കുട്ടിക്ക് അടഞ്ഞുകിടന്ന കിടപ്പുമുറിയുടെ വാതിലിനെക്കുറിച്ചുള്ള ഓർമ ജീവിതത്തിൽ താനെന്നും ഒറ്റക്കായിരിക്കുന്നു എന്ന സത്യത്തിന്റെ നടുക്കമാണ് സമ്മാനിക്കുന്നത്. വൈകീട്ട് ബസ്സ്റ്റേപ്പിൽ ഒറ്റക്ക് നിൽക്കുമ്പോഴുള്ള ഏകാന്തത ഇപ്പോൾ അനുഭവപ്പെടുന്നതോടെ ജീവിതത്തിൽ ബന്ധങ്ങളുടെ വിശ്വാസ്യതകളത്രയും അപഹരിക്കപ്പെട്ട ഏകയായ കുട്ടിയാണ് അവിടെ നിൽക്കുന്നത്. എല്ലാ സുരക്ഷിതത്വബോധങ്ങളും നഷ്ടപ്പെട്ടു എന്ന തോന്നലിനവസാന മാണ് അവൾ പൊട്ടിക്കരയുന്നത്. കഥാവസാന വാചകം അവൾക്കുണ്ടായ നഷ്ടം അപാര മായിരുന്നു എന്നാണ്. എല്ലാ സ്വപ്നങ്ങളുടെയും സകലബോധ്യങ്ങളുടെയും തകർച്ചയാണ് ആ നഷ്ടം. അവളുടെ വഴികളിൽ സംശയത്തിന്റെ കുങ്കുമം ചിതറിക്കിടക്കുന്നു. മാധവിക്കുട്ടിയുടെ നുണകൾ എന്ന കഥ ഇതിന് സമാനമായ ഒരിതിവൃത്തമാണ് കൈകാര്യം ചെയ്യുന്നത്. അച്ഛന്റെ അവിഹിതബന്ധത്തിന് സാക്ഷിയാവുന്ന മകനാണ് അവിടെ കഥാപാത്രം. സ്വന്തം നഷ്ടങ്ങൾ അപ്പു നിസ്സാരമായി, ഏറ്റവും നിസ്സാരമായി അവഗണിക്കുകയും പ്രതിഷേധിക്കുകയും ചെയ്യുന്നു. ഒരേ മാനസികാഘാതം ആൺകുട്ടിയെയും പെൺകുട്ടിയെയും എങ്ങനെ ബാധിക്കുന്നു എന്നതും ഈ രണ്ട് കഥകളും വെളിപ്പെടുത്തുന്നു.

വാരാദ്യമാധ്യമം
2001 സെപ്റ്റംബർ 9 ഞായർ

## 2. തുമ്പപ്പൂവിലൂടെ പ്രപഞ്ചദർശനത്തിലേയ്ക്ക്

ഡോ. മിനിപ്രസാദ്

ഇടവപ്പാതിയിലെ ആദ്യമഴ ഏതുതരത്തിലും മോഹിപ്പിക്കുന്നതാണ്. ഓരോരുത്തർക്കും വ്യത്യസ്തമായ അനുഭൂതികൾ അത് സമ്മാനിക്കുകയും ചെയ്യുന്നു. ആ അനുഭൂതികളിലൂടെ ഒരാൾ സ്വന്തം ബാല്യകൗമാരങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതാണ് ഇ. ഹരികുമാറിന്റെ 'ശ്രീപാർവതിയുടെ പാദം' എന്ന ചെറുകഥയുടെ പ്രമേയം. നഗരവാസിയായ മാധവി തന്റെ ഭൂതകാല സൗഭാഗ്യങ്ങൾ അനുഭവിക്കാനായി തറവാട്ടിലേയ്ക്കു നടത്തുന്ന യാത്രയും അനുഭവങ്ങളുമാണ് ഇവിടെ അവതരിപ്പിക്കപ്പെടുന്നത്. തറവാട്ടിൽ കഴിയുന്ന ഒരു ദിവസം അവരനുഭവിക്കുന്ന ഗന്ധങ്ങളിലൂടെയും സ്പർശങ്ങളിലൂടെയുമാണ് പൂർവ്വാനുഭവങ്ങളി ലേയ്ക്കുള്ള ഈ മടങ്ങിപ്പോവൽ സംഭവിക്കുന്നത്. അനുഭൂതികളുടെയും ഗന്ധങ്ങളുടെയും ബാഹ്യതലത്തിൽ അഭിരമിക്കുന്നതിനപ്പുറം അവർ ഇവയോരോന്നും തന്നിൽതന്നെ കണ്ടെത്തുന്നതിനാൽ കാല്പനികമായ വെറും ഗൃഹാതുരയുടെ മടങ്ങിപ്പോവലിൽ നിന്നും ഇത് വ്യത്യസ്തമാവുന്നു.

കാണുന്നതും അറിയുന്നതും സ്പർശിക്കുന്നതുമായ ഏതു ചെറുചലനവും ഗന്ധവും ഓർമ്മിക്കുന്നതും തിരിച്ചറിയുന്നതും സൂക്ഷിക്കുന്നതുമായ ഒരു മനസ്സാണ് മാധവിയുടെ വ്യതിയാനത. ഗന്ധസംവേദനത്തിന്റെ വിശാലമായൊരു ലോകം മാധവിയിലൂടെ



ഡോ. മിനിപ്രസാദ്

ഹരികുമാർ കഥകളെപ്പറ്റി
രണ്ടു ലേഖനങ്ങൾ

1.

## വഴികളിൽ ചിതറിവീണ കുങ്കുമത്തരികൾ

2.

## തുമ്പപ്പൂവിലൂടെ പ്രപഞ്ച ദർശനത്തിലേയ്ക്ക്

ഡോ. മിനിപ്രസാദ്

3

വായനക്കാരനിലേക്കെത്തുന്നു. കാഴ്ചകളുടെ പരിമിതവൃത്തത്തിലേക്കും ആ ലോകത്തിലേയ്ക്കും മാത്രം മനുഷ്യന്റെ ചോദനകൾ ചുരുങ്ങിപ്പോവുന്നതോടെയാണ് പ്രകൃതിയുമായുള്ള ദൃഢമായ ബന്ധം അറ്റുപോവുന്നതും. ഗന്ധസ്പർശ ശ്രാവ്യമാനങ്ങളിലൂടെ മാധവി പ്രകൃതിയോട് സംവദിക്കുന്നു. ബാല്യകാലത്ത് താൻ കണ്ടിരുന്ന മഴയോട് നഗരത്തിലെ മഴയെ താരതമ്യപ്പെടുത്തുന്നയിടം മുതലേ ഈ വ്യതിയാനം കാണാം.

ഇടവപ്പാതിയിൽ ഒരു രാത്രി മണ്ണിന്റെ മണമുയർത്തി പുതുമഴ പെയ്തപ്പോൾ മാധവി തറവാട്ടിലെ മരങ്ങൾ ഓർത്തു. നാലുകെട്ടിന്റെ മുകളിലെ ജനലിൽ കൂടി നോക്കുമ്പോൾ മഴ തകർത്തു പെയ്യുന്നതും കാറ്റിൽ മരങ്ങളുടെ ചില്ലകൾ ഉലയുന്നതും തെങ്ങിൻതലപ്പുകൾ ആടുന്നതും കാണാം. രാത്രി കിടക്കുമ്പോൾ മഴത്തുള്ളികൾ ഓട്ടിൻപുറത്ത് വന്നടിക്കുന്നതിന്റെയും കാറ്റ് മരങ്ങൾക്കിടയിലൂടെ ചീറിയടിക്കുന്നതിന്റെയും ശബ്ദം കേൾക്കാം. ഈ ശബ്ദങ്ങളെല്ലാം കൂടിക്കുഴഞ്ഞ് ഒരു താളമേളമായി മാറുന്നു. ഇതിനെല്ലാം മീതെ കടലിന്റെ ഇരമ്പവും. ഇവിടെ എറണാകുളത്ത് അതൊന്നുമില്ല. കടൽ വളരെ അടുത്താണെങ്കിലും അത് ഇരമ്പുന്ന ശബ്ദമില്ല. ഒരു തേങ്ങൽ മാത്രം. ഇവിടെ മഴ റേഷൻകടക്കാരന്റെ മുഖം പോലെ ഗൗരവമാർന്നതും കാര്യമാത്രപ്രസക്തവുമാണ്. ഈ താരതമ്യത്തിനവസാനമാണ് ഞാൻ കോട്ടപ്പടിക്കു പൊയ്ക്കോട്ടെ എന്നവൾ ഭർത്താവിനോട് ചോദിക്കുന്നത്. നാലുദിവസം മുൻപു പെയ്ത മഴയുടെ നനവാണ് നാട്ടിൻപുറത്ത് മാധവിയെ ആദ്യം എതിരേൽക്കുന്നത്. ചെരിപ്പൂരി ആ നനവിനെ പൂർണമായും ഏറ്റു വാങ്ങുന്നതോടെ ഉള്ളിലാകെ പടർന്നു പിടിക്കുന്ന നനവിന്റെ സുഖം അവളനുഭവിക്കുന്നു. മാവു പൂത്ത വാസന വന്നു തൊടുമ്പോൾ ചീഞ്ഞ ഇലകളും ഇലഞ്ഞിപ്പൂക്കളും ചേർന്നൊരുക്കുന്ന ഒരു സമ്മിശ്രഗന്ധം ഇതിനൊപ്പം പ്രതീക്ഷിക്കുന്നു. ഇരുപതു വർഷത്തിനുശേഷവും ഈ ഇടവഴിയുടെ ഗന്ധത്തിന് യാതൊരു വ്യത്യാസവുമില്ല എന്ന് മാധവി ഓർക്കുന്നുണ്ട്. ഈ ഓർമ്മപോലും അന്നുമുതലിന്നോളം ഗന്ധങ്ങളുമായി അവർക്കുള്ള സജീവമായ ബന്ധവും പ്രായത്തിനും നഗരജീവിതത്തിനും കെടുത്തിക്കളയാനാവാത്തവിധം അവളിൽ സജീവമായി നിലനിൽക്കുന്നതു വെളിപ്പെടുത്തുന്നു.

വീട്ടിലെത്തുമ്പോൾ പിച്ചകപ്പൂക്കളുടെ ഗന്ധത്തിനൊപ്പം പിട്ടിന്റെ വാസനയും മാധവിയെ ഏതിരേൽക്കുന്നു. അടുക്കളയുടെ ഓട്ടിപുറത്തെ നേരിയ പുകപടലം, മുറ്റമടിച്ചിട്ടും ബാക്കികിടക്കുന്ന അഞ്ചോ ആറോ പൂക്കൾ ഇവയൊക്കെ അവളെ ആഹ്ലാദിപ്പിക്കുകയും ആശ്ചര്യപ്പെടുത്തുകയും ചെയ്യുന്നു. മറ്റാരുടെയും ദൃഷ്ടിയിൽ പെടാത്തതും സാധാരണ എല്ലാവരും അവഗണിക്കുന്നതുമായ കാഴ്ചകളോടുള്ള ഒരു മമത ഇവിടെ കാണാം. നഗരത്തിനൊരിക്കലും സ്വന്തമല്ലാത്ത അന്തരീക്ഷത്തിന്റെ സ്വാഭാവികതയും സൂര്യവെളിച്ചത്തിനുപോലുമുള്ള പ്രത്യേക ഉദിപ്പുമാണ് തന്നെ ഇവിടേക്കാകർഷിക്കുന്നതെന്ന് ഈ ഘട്ടത്തിൽ മാധവി തിരിച്ചറിയുന്നു. ചേച്ചിയുടെ മകൾ സുപ്രിയയ്ക്കും അവളുടെ കൗതുകങ്ങൾക്കുമൊപ്പം മാധവി ചേരുന്നു. മഞ്ചാടിക്കുരു പെറുക്കാനായി അവൾക്കൊപ്പം തൊടിയിലേയ്ക്കു പോകുമ്പോൾ തൊടിയിലെ സകല മരങ്ങളും ചെറുചെടികളും വരെ മനഃപാഠമായിരുന്ന മുത്തശ്ശിയുടെ സാന്നിദ്ധ്യം അവളറിയുന്നു. പറമ്പിലെ പാഴ്മരങ്ങൾ മുറിച്ചാൽ

അപ്പോൾ കിട്ടുന്നതിന്റെ ഇരട്ടി തേങ്ങ കിട്ടും എന്ന മാധവിയുടെ അച്ഛന്റെ തീരുമാനത്തിനുനേരെ മുത്തശ്ശി ശക്തമായി പ്രതിഷേധിക്കുന്നുണ്ട്. മരം വെച്ചുപിടിപ്പിച്ചാൽ മാത്രം മതി ഒന്നും മുറിക്കേണ്ട എന്നു പറയുന്ന മുത്തശ്ശി തന്നെ ദഹിപ്പിക്കാൻ പോലും മരം മുറിക്കരുതെന്നും നിർദേശിച്ചിരുന്നു. വാണിജ്യതാത്പര്യങ്ങളും പ്രകൃതിയോടുള്ള ബഹുമാനവും തമ്മിലുള്ള ഏറ്റുമുട്ടലാണിത്. രണ്ടു തലമുറയുടെ നൈതികവ്യതിയാനംതന്നെ ഇവിടെ ദർശിക്കാം. ഉപയോഗശൂന്യമായവയൊക്കെ പൂർണമായി നിരാകരിച്ച് ഉപയോഗയോഗ്യമായവയെ മാത്രം സ്വീകരിക്കുന്ന പുത്തൻ നൈതികത പ്രകൃതിയുടെ ചൂഷണത്തിലേയ്ക്ക് വഴുതി വീഴുന്നത് ഈ വാണിജ്യതാത്പര്യങ്ങളിലൂടെയാണ്. മുത്തശ്ശി പകർന്നുനൽകിയ പാഠങ്ങൾ അതേ സമ്പന്നതയോടെ മാധവി സുപ്രിയയിലേയ്ക്ക് കൈമാറുന്നു. തന്റെ പിൻഗാമി എന്ന നിലയിലാണ് അവൾ സുപ്രിയയെ കാണുന്നത്. കുന്നിക്കുരുവും മഞ്ചാടിക്കുരുവും പാവകളുമുള്ള മനോഹരമായ കൊച്ചുലോകത്തോട് മാധവിക്ക് അസൂയപോലും തോന്നുന്നുണ്ട്. കാലം തന്നിൽനിന്ന് അപഹരിച്ചെടുത്ത ഒരു ലോകത്ത് ഇന്ന് മറ്റൊരാൾ വിഹരിക്കുന്നതിലെ കന്മഷമില്ലാത്ത അസൂയയാണിത്. സുപ്രിയയ്ക്കും പ്രകൃതിയും അതിലെ വസ്തുക്കളും അത്ഭുതങ്ങളും ആശ്ചര്യങ്ങളുമാണ്. പച്ചപ്പയ്യിന്റെ കഥ പറയുമ്പോൾ അവൾ ഈ കൗതുകങ്ങളത്രയും വെളിപ്പെടുത്തുന്നുണ്ട്. ഈ മനോഹരലോകത്തേക്കാണ് മാധവി ശ്രീപാർവതിയുടെ പാദമായ തുമ്പപ്പൂവും ചേർത്തുകൊടുക്കുന്നത്.

അനുജത്തിയുടെ ഈവക ഭ്രാന്തുകളൊന്നും ശാരദചേച്ചിക്ക് മനസ്സിലാവുന്നില്ല. ഭാവിയുടെ ഉത്കണ്ഠകൾ മാത്രം നിറഞ്ഞു നിൽക്കുന്ന അവരുടെ മനസ്സിൽ ഭൂതകാലമേയില്ല. അനുജത്തി ഇടയ്ക്കിടെ വരുന്നത് ഭാഗം ചോദിക്കാനാണോ എന്നുപോലും അവർ സംശയിക്കുന്നുണ്ട്. എന്തിനാണ് ഇടയ്ക്കിടെ ഇങ്ങോട്ടു വരുന്നതെന്ന് ചോദിച്ചാൽ വ്യക്തവും പൂർണവുമായോരു ഉത്തരം മാധവിക്കുമില്ല. ഭൂതകാലത്തിന്റെ ഓർമ്മകളും ഗന്ധങ്ങളും



ഡോ. മിനിപ്രസാദ്

ഹരികുമാർ കഥകളെപ്പറ്റി
രണ്ടു ലേഖനങ്ങൾ

1.

## വഴികളിൽ ചിതറിവീണ കുങ്കുമത്തരികൾ

2.

## തുമ്പപ്പൂവിലൂടെ പ്രപഞ്ച ദർശനത്തിലേയ്ക്ക്

ഡോ. മിനിപ്രസാദ്



ഏറ്റവും സജീവമായി നിലനിർത്താനാണ് അവളാഗ്രഹിക്കുന്നത്. ഈ ഗന്ധങ്ങളും സ്പർശവും അവൾക്ക് ജീവവായുവിനോളം ആവശ്യമാണ്. ഭർത്താവ് മാധവിയുടെ യാത്രകളെ തീർത്ഥാടനം എന്നു വിശേഷിപ്പിക്കുന്നത് അല്പം തമാശമട്ടിലാണെങ്കിലും അത് അക്ഷരാർത്ഥത്തിൽ ശരിയാണ്. തറവാട്ടിലെ ഇടനാഴികളിലൂടെ നടക്കുമ്പോൾ മൺമറഞ്ഞ മുൻ തലമുറയിലെ ഓരോരുത്തരുടെയും കാരുണ്യം നിറഞ്ഞ നോട്ടങ്ങൾ തന്റെമേൽ പതിക്കുന്നു എന്ന തോന്നൽ മാധവിക്കുണ്ട്. ഈ തോന്നൽ അഗാധമായൊരു സുരക്ഷിതത്വബോധത്തിലേയ്ക്ക് അവളെ നയിക്കുന്നു. ആ വീടിന്മേലുള്ള അവകാശം നഷ്ടമായാൽ ഈ കാരുണ്യവും നഷ്ടമായേക്കുമോ എന്ന ഭയം അവളെ ഭരിക്കുന്നുണ്ട്. പിറ്റേദിവസം സുപ്രിയയുടെ കാലിൽ പാദസരം കെട്ടിക്കൊടുക്കുമ്പോൾ ഇതു തന്നെയാണ് ശ്രീപാർവതിയുടെ പാദം എന്ന് അവൾക്കു വ്യക്തമാവുന്നു. വർഷങ്ങളായി മാധവി പ്രകൃതിയോടു പുലർത്തുന്ന പാരസ്പര്യത്തിന്റെ പൂർണതയാണ് ഈ കണ്ടെത്തൽ. മുത്തശ്ശിയിൽ നിന്ന് പകർന്നുകിട്ടിയതും ഓർമ്മകളിലൂടെയും ഗന്ധങ്ങളിലൂടെയും മറ്റെല്ലാവർക്കും ബാലിശമെന്നു തോന്നാവുന്ന ചിന്തകളിലൂടെയും അവൾ എത്തിച്ചേരുന്ന സംവേദമാണ്. പ്രകൃതിയെന്നാൽ നമ്മിൽനിന്നും വേറിട്ടൊരവസ്ഥയല്ല എന്ന അറിവിന്റെ പൂർണത; കാണാനും ആസ്വദിക്കാനും സുഖിക്കാനുമുള്ള ഒരു പദാർത്ഥമല്ലെന്നും അതു തന്നിൽത്തന്നെയാണെന്നുമുള്ള കണ്ടെത്തലാണിത്. മാധവി മുൻപു നടത്തിയ തീർത്ഥാടനങ്ങളിൽ നിന്നും ഈ യാത്ര വ്യത്യസ്തമാവുന്നതും ഇതുകൊണ്ടാണ്.

പ്രവാസി ശബ്ദം, പൂനെ
2003